പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2219 — 11.02.2020 - ൽ മറുപടിക്ക്.

## പുറമ്പോക്കിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുറമ്പോക്കിലും വഴിവക്കിലും കുടിലുകൾ കെട്ടി താമസിക്കുന്നവർക്ക് തിരിച്ചറിയൽ കാർഡുകൾ ഇല്ലാത്തതിനാൽ റേഷൻ കാർഡ് ലഭ്യമാക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ആയതിനാൽ റേഷൻ പോലും ലഭിക്കാതെ ഇവർ പട്ടിണിയിലും ദുരിതത്തിലുമാകുകയും കുട്ടികൾ വിശപ്പകറ്റാൻ മണ്ണുതിന്നുന്ന സാഹചര്യം സംജാതമായെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(സി) എങ്കിൽ ഇത്തരം കുടുംബങ്ങൾക്ക് റേഷൻ കാർഡ് അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ? | (എ) യും (ബി) യും (സി) യും<br>ഇല്ല; പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ 10 മാർക്ക് വെയിറ്റേജ് ആയി നൽകി വരുന്നുണ്ട്. അപ്രകാരം ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുകയും ചെയ്യുന്നു.<br>റേഷൻ പോലും ലഭിക്കാതെ കുടുംബം ദുരിതത്തിലായത് സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സിറ്റി റേഷനിംഗ് ഓഫീസ് തിരുവനന്തപുരം (സൗത്ത്) ന്റെ പരിധിയിൽ വരുന്ന ഒരു കുടുംബത്തിന് മുൻഗണനാ വിഭാഗത്തിലുള്ള റേഷൻകാർഡ് അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**